# The Mar Thoma Church Abu Dhabi

July 2024

## PARISH NEWS LETTER

Issue 53.2




Theme of the Year

***Sustainable life in God's love***

**സുസ്ഥിര ജീവിതം ദൈവസ്നേഹത്തിൽ**

"God is love;
Whoever lives in love lives in God; and God in them."

1 John 4:16

"ദൈവം സ്നേഹം തന്നെ;
സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിൽ വസിക്കുന്നു;
ദൈവം അവനിലും വസിക്കുന്നു."

1 യോഹ.4:16



# വികാരിമാരിൽനിന്നും



ത്രിത്വ ദൈവത്തിന് സ്തുതി...

ദൈവാലയം ക്രിസ്തുസാന്നിധ്യത്തിന്റെ ഇടമാണ്, ആരാധനയുടെയും സ്തോത്രത്തിന്റെയും, അർപ്പണത്തിന്റെയും ശ്രീ കോവിൽ ആണ്, ദൈവ സ്നേഹത്തിന്റെ ചാലുകൾ ആണ്. അങ്ങനെയെങ്കിൽ ദൈവത്തെ സ്നേഹിക്കുന്നതിന്റെ അടയാളപ്പെടുത്തലുകൾ ആകണം ഓരോ ആരാധനകളും. റാബിയ എന്ന സൂഫി സന്യാസിനി ഇപ്രകാരം പ്രാർത്ഥിച്ചു, ദൈവമേ ഞാൻ നിന്നെ ആരാധിക്കുന്നത് സ്വർഗ്ഗത്തെ ആഗ്രഹിച്ചാണെങ്കിൽ നീ എന്നെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കേണ്ട.. നരകത്തെ പേടിച്ചാണെങ്കിൽ നീ എന്നെ നരകത്തിലിട്ട് കത്തിച്ചു കളയുക എന്നാൽ നിന്നെ മാത്രം സ്നേഹിക്കുന്ന എനിക്ക് ആ ദിവ്യ ദർശനം സ്ഥായിയായി നല്കണമേ.. കുരിശിന്റെ ചുവട്ടിലെ സ്ത്രീകൾ യേശുവിന്റെ അരികിൽ നിലയുറപ്പിച്ചത് ഏതെങ്കിലും സ്ഥാനമാനങ്ങൾ നേടാനല്ല ആത്മാർത്ഥമായ സ്നേഹം ഉള്ളതുകൊണ്ട് മാത്രമാണ്., 'നൊമ്പരത്തിന്റെ പാരമ്യത്തിലാണ് സ്നേഹത്തിന്റെ മഹാകാവ്യം പൂർണമായത്'. ഈ ലോകത്തെ എത്രയധികം വിലമതിച്ചു എന്നത് എത്ര ആഴമായി സ്നേഹിച്ചു എന്നതിന്റെ സാക്ഷ്യം ആണ്. ആ സ്നേഹത്തിന്റെ വില തിരിച്ചറിഞ്ഞു ആഴമായി ദൈവത്തെ നാം സ്നേഹിക്കണം. ദൈവത്തെ സ്നേഹിക്കുന്നവർക്ക് മാത്രമേ സഹോദരങ്ങളെ സ്നേഹിക്കുവാനും, അവരെ മാനിക്കുവാനും കഴിയു. ഇന്ന് പലപ്പോഴും ആത്മാർത്ഥമായി ആരെയും സ്നേഹിക്കുവാൻ കഴിയാതെ പകയോടും, ഇടുങ്ങിയ മനസ്സോടും, വൈരാഗ്യ ബുദ്ധിയോടും ഒക്കെ നാം ജീവിക്കുകയാണ്. അങ്ങനെ എങ്കിൽ ഒരു മടങ്ങി വരവ് നമുക്ക് ആവശ്യമാണ്, ആദ്യസ്നേഹത്തിന്റെ നിയതിഘട്ടങ്ങളിലേക്ക്, വൈകാരികമായി ദൈവത്തെയും സഹോദരങ്ങളെയും സ്നേഹിക്കുന്ന അനുഭവങ്ങളിലേക്ക്, അവരെയൊക്കെ ചേർത്ത് നിർത്തുന്ന വിശാലമായ മനസിന്റെ ഉടമകളായിട്ട് അങ്ങനെയെങ്കിൽ ശ്രേഷ്ഠമായ ജീവിതം അഥവാ സുസ്ഥിരമായ ജീവിതം സാധ്യമാകും.അതിനു ദൈവം സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ഈ വർഷത്തെ ഇടവകയുടെ റിട്രീറ്റ് അനുഗ്രഹകരമായി നടത്തുവാൻ ദൈവം കൃപ ചെയ്തു. അഭിവന്ദ്യ സഖറിയാസ് മാർ അപ്രേം തിരുമേനി നേതൃത്വം നൽകി. അഭിവന്ദ്യ തിരുമേനി വിദേശരാജ്യത്തേക്ക് നടത്തുന്ന ആദ്യ സന്ദർശനം അബുദാബി മാർത്തോമ്മാ ഇടവക ആണെന്നുള്ളത് നമ്മളെ സംബന്ധിച്ച് വളരെ സന്തോഷം നൽകുന്ന ഒരു അനുഭവം ആയിരുന്നു. ഇടവകയിലേക്ക് തിരുമേനിയെ സ്വാഗതം ചെയ്ത്, ഇടവകയായി തിരുമേനിയെ അനുമോദിക്കുവാൻ ഇടയായി. സേവികാ സംഘത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ സമാപന സമ്മേളനം ജൂൺ മാസം 23 ന് ഇടവകയിൽ വെച്ച് നടത്തപ്പെട്ടു. സഖറിയാസ് മാർ അപ്രേം തിരുമേനി സമ്മേളനം ഉത്ഘടനം ചെയ്തു. നേതൃത്വം നൽകിയ എല്ലാവരെയും അഭിനന്ദിക്കുന്നു. പ്രാർത്ഥന കൊണ്ടും, സാന്നിധ്യം കൊണ്ടും, കൈത്താങ്ങൽ കൊണ്ടും സഹകരിച്ച ഇടവക അംഗങ്ങളോടുള്ള സന്തോഷം അറിയിക്കുന്നു.

നമ്മുടെ എല്ലാവരുടെയും ആഗ്രഹവും പ്രാർത്ഥനയും ആയിരുന്നു യൂത്ത് ഫോറം. പുനഃസംഘടിപ്പിക്കുക എന്നത്. അപ്രകാരം ജൂൺ മാസം 24 ന് യൂത്ത് ഫോറം പുനരാരംഭിക്കാൻ ദൈവം കൃപ ചെയ്തു. അഭിവന്ദ്യ സഖറിയാസ് മാർ അപ്രേം തിരുമേനി ഉത്ഘാടനം നിർവഹിച്ച മീറ്റിംഗിൽ എൺപത്തിയഞ്ചോളം യുവജനങ്ങൾ പങ്കെടുത്തു എന്നത് അഭിനന്ദനീയം ആണ്. തുടർന്നും ദൈവകൃപയിൽ ആശ്രയിച്ചു അനുഗ്രഹകരമായി പ്രവർത്തിപ്പാൻ ദൈവം സഹായിക്കട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.

ജൂൺ മാസം 29ന് പ്രീച്ചേഴ്സ് ഓറിയന്റേഷൻ പ്രോഗ്രാം ക്രമീകരിപ്പാൻ സാധ്യമായി. സംബന്ധിച്ച എല്ലാവരോടും ഉള്ള നന്ദി അറിയിക്കുന്നു. പുതിയ ഒരു മാസത്തിലേക്ക് നമ്മൾ പ്രവേശിക്കുകയാണ്. ജൂലൈ മാസം 5- ന് വിവിധ പ്രാർത്ഥന ഗ്രൂപ്പുകളെ പങ്കെടുപ്പിച്ചു ഒരു സംയുക്ത പ്രാർത്ഥന ക്രമീകരിച്ചിരിക്കുന്നു. എല്ലാവരും അതിൽ സംബന്ധിക്കണമെന്നു ഓർമിപ്പിക്കുന്നു. ജൂലൈ മാസം 14 ന് യുവജനസംഖ്യത്തിന്റെ ആഭിമുഖ്യത്തിൽ ഒരു Blood Donation Camp ക്രമീകരിച്ചിരിക്കുന്നു. എല്ലാവരുടെയും സാന്നിധ്യം സാദരം ക്ഷണിക്കുന്നു.

റൂവയ്സ്, ഗയാത്തി, ബെദാ സെയ്ദ് എന്നീ ഭാഗങ്ങളിൽ ഉള്ള നമ്മുടെ ഇടവക അംഗങ്ങളുടെ ആഗ്രഹം ആയിരുന്നു ആ ഭാഗത്തു ഒരു വിശുദ്ധ കുർബാന ക്രമീകരിക്കുക എന്നത്. അപ്രകാരം ജൂലൈ മാസം മുതൽ 2 മാസത്തിൽ ഒരിക്കൽ റൂവൈസിൽ കത്തോലിക്കാ ദൈവാലയത്തിന്റെ ഒരു ചാപ്പലിൽ വെച്ച് കുർബാന ക്രമീകരിക്കുന്നു. എല്ലാവരുടെയും പ്രാർത്ഥനയും സഹകരണവും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ജൂലൈ മാസം 7-ാം തിയതി ദശാംശ ഞായർ ആയി വേർതിരിച്ചിക്കുന്ന ദിവസം ആകുന്നല്ലോ. ദൈവം നമുക്ക് നൽകിയിരിക്കുന്ന നന്മകളിൽ നിന്ന് ദശാംശം വേർതിരിച്ചു മറ്റുള്ളവരെ കരുതുവാൻ, സഭയെ സ്നേഹിക്കുവാൻ നമുക്ക് ഇടയാകണം അതിന് ദൈവം നമ്മെ എല്ലാവരെയും ഇടയാക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

എന്ന്

കർത്തൃ ശുശ്രൂഷയിൽ

**ജിജോ അച്ചൻ**

**ബിജോ അച്ചൻ**

# JULY-AUGUST 2024

## Weekly Schedules

| Date | Time | Lang/ Log | Prayer Groups/ Org | Theme | Bible Readings | |
|---|---|---|---|---|---|---|
| 6th Jul | 8:00 AM | MAL / MUS | C3 | ദശാംശ സമർപ്പണ ഞായർ. മനഃപൂർവ്വമായി ദാനം ചെയ്യുക. Giving from the heart പെന്തെക്കൊസ്തിനു ശേഷം 7-ാം ഞായർ(7th Sunday after Pentecost) | 1st Lesson: 1 Chr. 29:10-18 | 2nd Lesson: Acts. 5:1-11 |
| 7th Jul | 9:30 AM | MAL / MUS | Muroor | | Epistle: Phil. 4:10-20 | Gospel: St. Luke 16:19-31 |
| 13th Jul | 8:00 AM | MAL / MUS | Central Hospital | വൈദികർ: ഇടയപരിപാലന ശുശ്രൂഷകർPriests - Servants in Pastoral Ministry വൈദിക ഞായർ- Clergy Sunday പെന്തെക്കൊസ്തിനു ശേഷം 8-ാം ഞായർ(8th Sunday after Pentecost) | 1st Lesson: Ezek. 33:1-9 | 2nd Lesson: II Tim. 2:1-13 |
| 14th Jul | 9:30 AM | MAL / MUS | Mus-1 | | Epistle: 1 Pet. 5:1-7 | Gospel: St. John 10:1-11 |
| 20th Jul | 8:00 AM | MAL / MUS | D1 | ദൈവജനം: ദൈവരാജ്യ നിർമ്മിതിയിൽ പങ്കുവഹിക്കേണ്ടവർPeople of God - Co-workers in building up the Kingdom of God പെന്തെക്കൊസ്തിനു ശേഷം 9-ാം ഞായർ(9th Sunday after Pentecost) | 1st Lesson: Exod. 19:1-6 | 2nd Lesson: 1 John 4:7-21 |
| | 4:00 PM | MAL/Ruwais | Beda Zayed | | | |
| 21st Jul | 9:30 AM | ENG/MUS | Youth Forum | | Epistle: Rom. 14:13-19 | Gospel: St. Luke 10:25-37 |
| 27th Jul | 8:00 AM | MAL / MUS | D2 | പരിശുദ്ധാത്മവരങ്ങൾ: ദൈവജനത്തിന്റെ ആത്മീയ പരിപോഷണത്തിന്.Gifts of the Holy Spirit - For the spiritual nourishment of the people of God പെന്തെക്കൊസ്തിനു ശേഷം 10-ാം ഞായർ (10th Sunday after Pentecost) | 1st Lesson: 2 Chro. 15:1-8 | 2nd Lesson: 1 Cor. 12:4-12 |
| 28th Jul | 9:30 AM | MAL / MUS | MUS-2 | | Epistle: 1 Cor. 12:27-31 | Gospel: St. John 20: 19-23 |
| 03rd Aug | 8:00 AM | MAL / MUS | Electra Street | ദൗത്യം: ദൈവരാജ്യപ്രഘോഷണവും പ്രവൃത്തിയും. Mission - Proclamation and Acts of the Kingdom of God പെന്തെക്കൊസ്തിനു ശേഷം 11-ാം ഞായർ(11th Sunday after Pentecost) | 1st Lesson: Isa. 6:1-8 | 2nd Lesson: Acts. 19:8-12 |
| 04th Aug | 9:30 AM | MAL / MUS | MUS-3 | | Epistle: Rom. 1:8-17 | Gospel: St. Matt. 10:7-16 |
| 10th Aug | 8:00 AM | MAL / MUS | Hamdan Street | യേശുക്രിസ്തുവിലൂടെയുള്ള സ്വാതന്ത്ര്യം. Freedom in Jesus Christ പെന്തെക്കൊസ്തിനു ശേഷം 12-ാം ഞായർ(12th Sunday after Pentecost) | 1st Lesson: Exod. 3:7-14 | 2nd Lesson: Gal. 5:1-14 |
| 11th Aug | 9:30 AM | MAL / MUS | MUS-4 | | Epistle: Rom. 6:15-23 | Gospel: St. John 8:31-36 |

# Parish Retreat




















## Preachers Orientation





## Beda Zayed Visit





## Welcoming Very Rev. Poulose Cor Episcopa Parekkara



## Yuvajana Sakhyam Convention





## Sakhyam Convention



## Yuvajana Sakhyam Picnic



## Parish Choir Inauguration 2024-25




## Choir Retreat at Al Rahba Farm



## Sevika Sanghom Valedictory Function







## Sevika Sanghom Pickle Preparation





## Youth Forum Inauguration







## Teens Forum Inauguration






## Senior Citizen Meeting



## UAE Center Meeting





## Parish Mission Night Prayer



## CCC Meeting




## Kaisthana Samithi Dedication



## CANCER CARE ASSISTANCE CELL (CCAC)
### ABU DHABI MAR THOMA YUVAJANA SAKHYAM

അബുദാബി മാർത്തോമ്മ യുവജന സഖ്യവും Critical illness Care Cell (CCC) യും സംയുക്തമായി വർഷം തോറും നൽകി വരുന്ന കാൻസർ ചികിത്സാ ധനസഹായത്തിന് നിർദ്ധനരായ രോഗികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.

- അപേക്ഷകൾ താഴെ പറയുന്ന രേഖകൾ സഹിതം 2024 ആഗസ്റ്റ് 10 നകം അബുദാബി മാർത്തോമ്മാ ഇടവക വികാരിയുടെ പക്കൽ (Normal post preferred or vicar.admtc@gmail.com) സമർപ്പിക്കേണ്ടതാണ്.
- രോഗിയുടെ സാമ്പത്തികസ്ഥിതിയും മറ്റു വിശദ വിവരങ്ങളുമടങ്ങിയ അപേക്ഷ. അപേക്ഷയിൽ ഫോൺ നമ്പറും ബാങ്ക് അക്കൗണ്ട് വിവരങ്ങളും നൽകേണ്ടതാണ്.
- രോഗിയുടെ താമസ സ്ഥലത്തിനടുത്തുള്ള മാർത്തോമ്മാ സഭയുടെ പ്രാദേശിക ഇടവക വികാരിയുടെ ശുപാർശ കത്ത്.
- രോഗിയെ ചികിത്സിക്കുന്ന ഡോക്ടറിൽ നിന്നും രോഗവിവരവും ചികിത്സാ ചെലവും വിശദമാക്കുന്ന സർട്ടിഫിക്കറ്റ്.
- അപേക്ഷകൾ അനുവദിക്കുന്നതിനായി യുവജനസഖ്യം നിയോഗിച്ചിട്ടുള്ള കമ്മിറ്റി അറിയിക്കുന്ന പ്രകാരം ചികിത്സക്ക് ചെലവായ തുകയുടെ അസ്സൽ ബില്ലുകൾ (Photo copy സ്വീകരിക്കുന്നതല്ല) തുക ലഭിക്കുന്നതിലേക്ക് അയച്ചു തരേണ്ടതാണ്.

CCAC ക്ക് വേണ്ടി,

**Rev. Gijo C. Daniel**
(Vicar, The Marthoma Church, Abu Dhabi)

**Sujith Mathew Varghese**
(CCAC Convener)

Postal Address:

**Rev. Gijo C. Daniel, The Mar Thoma Church, P.O Box 3058, Abu Dhabi, U.A.E.**

**Mob: 00971 50 445 1160 • E-Mail: ccac.admtc@gmail.com**

# New Members



**Alwin Mathew**
Roll No. M582
Hamdan Prayer Group
Home Parish -
Othera Ebenezer MTC
Mob:0525584771l



**Sijo Mathai**
Roll No. M583
A2 Prayer Group
Home Parish - Pennukara
St. Thomas MTC
Mob: 0503726455



**Rony K. Varghese**
Roll No. V395
A1 Prayer Group
Home Parish - Kallimel
St. Thomas MTC
Mob: 0528519559



**Sojan Joy Thomas**
Roll No. T493, A2 Prayer Group
Home Parish - Pennukkara
St. Thomas MTC
Mob: 0544763695



**Nebu Zechariah Mathew**
M584, C1 Prayer Group
Home Parish -
Anaparampal Mar Thoma Church
Mob: 0504692360

# Parish Highlights

| | | | | |
|---|---|---|---|---|
| 5-Jul-24 | Friday | 08:00 PM | - | Parish First Joint Prayer |
| 7-Jul-24 | Sunday | 12:30 PM | - | Sevika Sanghom Biriyani Sale |
| 14-Jul-24 | Sunday | 12:30 PM | - | Yuvajana Sakhyam Blood Donation Camp |
| 20-Jul-24 | Saturday | 10:30 AM | - | Commencement of Malayalam Class |
| 20-Jul-24 | Saturday | 04:00 PM | - | Parish Holy Qurbana @ Ruwais |




# Church Transportation

Church Transportation services are available on Sunday Morning.
Bus services will commence 45 minutes ahead of scheduled church services, from the usual locations.
For any clarifications you may please contact our Transport Coordinator Mr. John Geevarghese: (050-7527003)

# Condolences

***We express our sincere condolences to our members & their families who have experienced the loss of their near & dear departed souls. Let us pray & support them in their grief***

Vicar : Rev. Gijo C. Daniel
Mob : 050-4451160
Tel : 02-4464562
Email : vicar.admtc@gmail.com

Asst. Vicar : Rev. Bijo Abraham Thomas
Mob : 050-2171188
Tel : 02-5550880
Email : asstvicar.admtc@gmail.com

**Church Office**
Tel : 02-5555300
Fax : 02-4450121
Jossy : 056-3150707

For Private Circulation Only